# Academic Master Plan

Malayalam

class - I

# ആമുഖം.

ഒന്നാം ക്ലാസിലെ കുട്ടികൾക്ക് വളരെ
പ്രധാനമായി നേടേണ്ട ഒരു ശേഷിയാണ് സ്വതന്ത്ര
വായനയും സ്വതന്ത്രലേഖനവും. വ്യത്യസ്ത നിലവാര-
ത്തിലുള്ള കുട്ടികൾക്ക് അവർക്ക് ഉൾക്കൊള്ളാൻ
കഴിയുന്ന വിധത്തിൽ ലളിതമായ പ്രവർത്തനങ്ങൾ
നൽകിക്കൊണ്ട് സ്വതന്ത്രമായി എഴുതാനും വായിക്കാ-
നും കഴിവുള്ളവരാക്കി മാറ്റുക എന്നതാണ് ഈ
പദ്ധതി തയ്യാറാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.
സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാ-
ദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ
അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ
മറ്റ് സഹായികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ
മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന-
തും തുടർപ്രവർത്തന സാധ്യത ഉള്ളതുമായ
പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് അക്കാദമിക
മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# ലക്ഷ്യങ്ങൾ.

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയം മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതാൻ ഉള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
* എല്ലാ കുട്ടികളും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
* ലളിതമായ വായനക്കാർഡുകൾ നിർമിക്കാൻ കഴിവുള്ളവരാക്കുക.
* കുട്ടികൾ അവരുടെ ആശയങ്ങൾക്കനുസരിച്ച് ചെറു കഥാപുസ്തകം രൂപപ്പെടുത്തുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* സംയുക്തഡയറിയിൽ നിന്നും സാങ്കല്പിക ഡയറി എഴുത്തിലേക്ക് കുട്ടിയെ എത്തിക്കുന്നു.

ജൂൺ

* കഥ കേൾക്കൽ, ഒരു ദിനം ഒരു കഥ
* കഥ പറയൽ, കേട്ട കഥ കൂട്ടി പറയൽ.
* സംയുക്ത ഡയറി പരിചയപ്പെടൽ
* കുഞ്ഞെഴുത്ത് പരിചയപ്പെടൽ.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
* വായനാദിനം - സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ
* അക്ഷര ചിത്രം വരയ്ക്കൽ.

ജൂലൈ

* സംയുക്ത ഡയറി എഴുതാൻ സഹായിക്കൽ.
* കഥ പറയാൻ അവസരം നൽകൽ.
* ക്ലാസ് ലൈബ്രറി ഒരുക്കൽ.
* കഥ കേൾക്കാൻ അവസരം.
* ചിത്രവായന.

ആഗസ്റ്റ്

* സംയുക്ത ഡയറി എഴുതൽ തുടരുന്നു.
* വീഡിയോസ് തിയേറ്റർ, പാടാൻ അവസരം നൽകുന്നു
* പാഠപുസ്തക വായന നടത്തുന്നു.
* ഭാവാത്മക വായനയിലേക്ക് നയിക്കുന്നു.
* ഓണാഘോഷത്തിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.
* സ്വതന്ത്രചിന്തയ്ക്ക് അവസരം നൽകുന്നു.
* വ്യക്തിഗതചിന്തയ്ക്ക് അവസരം നൽകുന്നു.

സെപ്തംബർ

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* പദമേളകൾ സംഘടിപ്പിക്കുന്നു.
* ചിത്രകാർഡ് തയ്യാറാക്കുന്നു.
* ആശംസാകാർഡ് തയ്യാറാക്കുന്നു.
* ഓണാഘോഷ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.

നവംബർ.

* പഠനയാത്രയിലൂടെ സംയുക്ത ഡയറി എഴുതുന്നു.
* ചിത്രവായന, വീട്ടുവായന, കൂട്ടവായന തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.
* വായനോത്സവം തുടങ്ങുന്നു.
* വ്യക്തിഗത വായനയ്ക്കുള്ള വായനാക്കാർഡുകൾ നൽകുന്നു. വായിക്കുന്നു.
* ചെറുകവിതകൾ താളാത്മകമായി ചൊല്ലുന്നു.
* നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി രചനകളിൽ ഏർപ്പെടുന്നു.

ഡിസംബർ.

* രചനോത്സവം തുടങ്ങുന്നു.
* സാങ്കൽപ്പിക ഡയറി എഴുതുന്നത് തുടങ്ങുന്നു.
* കുട്ടികളുടെ ആശയങ്ങൾ അവരുടേതായ രീതിയിൽ എഴുതാൻ അവസരം നൽകുന്നു.
* ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കുന്നു.

ജനുവരി

* ക്ലാസ് ലൈബ്രറിയിലെ വായനാക്കാർഡുകൾ സ്വതന്ത്ര വായനയ്ക്ക് വേണ്ടി ഉപയോഗിക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ വ്യവഹാരങ്ങളിലൂടെ സർഗശേഷി വികസിപ്പിക്കുന്നു.
* സംയുക്ത ഡയറി പ്രകാശനം.
* മികവുത്സവം നടത്തുന്നു.

ഫെബ്രുവരി.

* ഭാഷോത്സവത്തിൽ തനിയെ രചനകൾ നടത്തുന്നു.
* സ്വതന്ത്ര രചനകൾ നടത്തുന്നു.
* സ്വതന്ത്രവായന നടത്തുന്നു.
* വായനാക്കാർഡ് തയ്യാറാക്കൽ.

മാർച്ച്

* കുട്ടികൾ തയ്യാറാക്കുന്ന കഥകൾ, കവിതകൾ, വായനക്കാർഡുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് പോർട് ഫോളിയോ.
* കുട്ടിവായന, കൂട്ടവായന എന്നിവയിലൂടെ സ്വതന്ത്രവായന നടക്കുന്നു.
* ചങ്ങലവായന പരിപോഷിപ്പിക്കുന്നു.
* ലൈബ്രറിക്കാർഡ് വായിക്കുന്നു.

# Academic Master Plan

English

class - I

The goal for the first grader is to handle English fluently. The first grader must go from small words to big words. Every student should be able to speak and read fluently.

Objectives and Learning outcomes.

* Respond to simple instructions in the class room.
* Describe orally about the pictures and objects.
* Enjoy songs and sings them with rhythm and action.
* Familiarise the names of birds, animals. and identifies them from pictures.

June

* Introduce simple words.
* Provide picture cards.

July

* Identify familiar words.
* Say familiar words
* Read familiar words.
* Write familiar words.

August

* Enjoy Songs and Sings them with rhythm and action
* Describe orally about Pictures and objects.

September

* Read and write Simple words and Simple Sentences.
* Provides Picture cards and reading cards.

October

* Introduce Simple Picture descriptions.
* Make word chain
* Make sentence chain
* ~~Rhyth~~ Rhyming words.

November.

* Prepare Reading cards.
* Provide more activities to read, write and speak.
* Write five English words daily.

December

* Read and understand Simple instructions in the class room.
* Prepare individual Reading cards.

January.

* Enjoy songs and sings them with action
* Make picture Albums.
* Collect picture of animals and birds
* Describe collected picture in the class room.

* February

* Express myself in the class room
* Conduct English Assembly.

March.

* Speak English fluently
* Read and write simple sentences.
* Picture description.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# ഗണിതം

std I

## ആമുഖം

നിത്യജീവിതത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഗണിതം. എല്ലാ മേഖലകളിലും കൂടുതൽ അവബോധം നേടിയെടുക്കാൻ ഗണിതാശയങ്ങൾ കൂടിയേ തീരൂ.

ഒന്നാം ക്ലാസിലെ കുട്ടികൾക്ക് ഗണിതത്തിന്റെ ആദ്യപാഠ-ങ്ങൾ കൃത്യമായും വ്യക്തമായും പഠിക്കേണ്ടത് അത്യാവശ്യമാണ്. അതു-കൊണ്ടുതന്നെ കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ- ഗണിതം രസകരമായും മനോഹരമായും അവരിലേക്കെത്തിക്കേണ്ടതുണ്ട്. കഥകളിലൂടെയും, പാട്ടുകളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാം. മഞ്ചാടി, വർണ്ണക്കടലാസുകൾ തുടങ്ങി കൂടുതൽ ഉപകരണങ്ങളോടു കൂടിയുള്ള പഠനം കുട്ടികളിൽ പഠനം എളുപ്പമാക്കുന്നു. വിവരവിനിമയസാങ്കേതികവിദ്യയും ഇതിനായി ഉപയോഗപ്പെടുത്താം.

# ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലുള്ള മുഴുവൻ കുട്ടികളും ഗണിതാശയങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കൽ.

* Learning Materials ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ ചെയ്യുക.

* പ്രായോഗികമായ ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാകുന്ന
വ്യത്യസ്തമാർഗങ്ങളിലൂടെ ഗണിതപ്രശ്നങ്ങൾ പരിഹരിപ്പിക്കുക.

* പ്രക്രിയാബന്ധിത പ്രവർത്തനം.

* നിത്യജീവിതത്തിലെ ഗണിതം മനസ്സിലാക്കി പഠിക്കുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
* നിറം നൽകുന്നു.
* ചിത്രം വരക്കുന്നു.
* വലുതും ചെറുതും തിരിച്ചറിയൽ.

## ജൂലൈ

* സംഖ്യാപഠനം
* പാട്ടിലൂടെയുള്ള ഗണിതപഠനം
* തരംതിരിക്കാനുള്ള ശേഷി
* എണ്ണത്തിനനുസരിച്ച് കൂട്ടം ക്രമീകരിക്കുന്നു. ഈർക്കിൽ, പെൻ തുടങ്ങിയ - സാമഗ്രികൾ ഉപയോഗിച്ച്

## ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
* ആരോഹണക്രമം, അവരോഹണം എന്നിവ മനസ്സിലാക്കൽ.
* കളങ്ങളിലൂടെയും, പടവുകളിലൂടെയും ആശയം പഠിക്കുന്നു.

## സെപ്റ്റംബർ.

* സങ്കലനം എന്ന ആശയം. അഞ്ചാംട. ക്രമസംഖ്യകൾ ഉപയോഗിച്ച്

* സംഖ്യാബന്ധങ്ങൾ.

ഒക്ടോബർ

* 1 മുതൽ 50 വരെയുള്ള സംഖ്യകളുടെ തിരിച്ചറിയൽ.

* 'ചിട്ടയും' പരിചയപ്പെടൽ.

* പത്തുകളുടെ കൂട്ടം തിരിച്ചറിയൽ.

* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.

നവംബർ

* രണ്ടക്കസംഖ്യകളുടെ വ്യവകലനം
* ഒറ്റക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനം.
(20 ൽ താഴെ)

* ഗണിതചാർട്ട് പ്രദർശനം.

ഡിസംബർ.

* 20 ൽ താഴെയുള്ള സംഖ്യകൾ വ്യവകലനം പഠിക്കുന്നു.
* 20 ൽ താഴെയുള്ള സംഖ്യകളുടെ സങ്കലനം
* വ്യവകലന സങ്കലനത്തിന് വ്യത്യസ്ത രീതികൾ പ്രയോജനപ്പെടുത്തുന്നു. (പ്രവർത്തനം)

ജനുവരി

* വ്യവകലന, സങ്കലന ചിഹ്നങ്ങൾ കൃത്യമായി മനസ്സിലാക്കുന്നു.
* വസ്തുക്കളെ രൂപങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.

## ഫെബ്രുവരി.

* സങ്കലനം, വ്യവകലനം പ്രശ്നങ്ങൾ പരിഹരിക്കൽ.
* വിലവിവരപ്പട്ടിക പ്രശ്നങ്ങൾ നിർമ്മിക്കുന്നു.

## മാർച്ച്.

* ഗണിത worksheets Complete ആവുന്നു.
* കുലവികുലങ്ങളിൽ ഗണിതം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു
* ദൈനംദിനജീവിതത്തിലെ ഗണിതം മനസ്സിലാക്കി പ്രവർത്തിക്കുന്നു.

# Academic Masterplan - English
## CLASS - 2

**Aim** : To speak, Read and write English without any mistakes.

**Time** : June to march

**PRETEST**

To check the vocabulary and writing skills of pupils.

**June and July**

- To develop listening skills and reading skills.

Listening skills :

1. Games, Action songs. Hello English activities.
2. Identify the naming words from the picture.
3. Make simple sentences using the action word and naming words about the picture.
4. Make simple description about the picture.
5. Growing sentenses, picture reading, Self introduction.

August and September.

Develop the creative speaking and writing.

Reading Skills :

1. Newspaper reading, Library books reading.
2. Find words.
3. Collect and read past tense.
4. Rhyming words.
5. describing words.
6. Text book activities.

writing skills :

1. make word web
2. Picture description with describing words.
3. make words and sentences.
5. make riddles, conversations
6. Add more lines.

ACTIVITIES :

Speech
quiz riddles
Self introduction

## October and November

To express thoughts, feelings etc

Reading skill

1- Newspaper reading, library books reading
2- Conversations, Skit Stories use ICT materials.
3- develop Stories.
4- Read Notice.

writing skills :

1- description
2- Notice proclamation.
3- Thoughts.

ACTIVITIES : Speech, quiz riddles, Skits etc.

## December and January

1. Develop the Creative Speaking and writing.
2. To express thoughts, Feelings etc.

Reading skill

1. News paper reading, library book reading.
2. Conversations, Skit Stories use ICT materials.
3. Read breaking news.
4. develop story
5. Reads diary.

writing skills:

1. diary
2. letter
3. Announsment.

ACTIVITIES:

speech, quiz riddles, skits, class room post office etc.

## February and March

To improve the presentation power.

Reading skill

1. Newspaper reading, Library books reading
2. Conversations, skit stories using ICT materials.
3. develop stories.
4. Reads diary.
5. Reads letters from friends.

writing skills:

1. diary
2. letter.
3. Announsment.
4. description
5. Thoughts
6. notice proclamation.

ACTIVITIES: speech, quiz riddles, skits

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് : 2A

മലയാളം

| പരിപാടിയുടെ പേര് | പ്രവർത്തന ലക്ഷ്യങ്ങൾ | കാലയളവ് |
|---|---|---|
| മലയാളം മധുരം | • ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.<br>• സർഗശേഷി വികസനത്തിന് സാധ്യതയൊരുക്കുന്നു.<br>• ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു.<br>• ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br>• കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.<br>• | ജൂൺ മുതൽ മാർച്ച് വരെ |
| സംയുക്ത ഡയറി | • സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.<br>• സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.<br>• സ്വതന്ത്ര രചന നടത്തുന്നതിന്<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിന്. | ജൂൺ മുതൽ മാർച്ച് |

| പരിപാടിയുടെ പേര് | പ്രവർത്തന ലക്ഷ്യങ്ങൾ | കാലയളവ് |
|---|---|---|
| പാട്ടരങ്ങ് | • താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>• കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുന്നു.<br>• ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.<br>• ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.<br>• ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു. | ജൂൺ to മാർച്ച് |
| റീഡേഴ്സ് തിയേറ്റർ | • രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.<br>• മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.<br>• പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.<br>• ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു. | ജൂൺ to മാർച്ച് |

| പരിപാടിയുടെ പേര് | പ്രവർത്തന ലക്ഷ്യങ്ങൾ | കാലയളവ് |
|---|---|---|
| ക്ലാസ് പത്രം | • ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.<br>• രചനാശേഷി പരിപോഷിപ്പിക്കുന്നു.<br>• വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.<br>• സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു.<br>• ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു. | ആഗസ്റ്റ് to മാർച്ച് |
| രചനോത്സവം | • എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.<br>• രചനാപ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.<br>• കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലൈ to ഫെബ്രുവരി |
| വായനോത്സവം | • എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരായി മാറ്റുന്നു.<br>• കുട്ടികളിൽ വായനാശീലം വളർത്തുന്നു.<br>• ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.<br>• വായനാ കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ to മാർച്ച് |

| | | |
|---|---|---|
| പരീക്ഷണങ്ങൾ | • ശാസ്ത്ര പഠനം ആസ്വാദ്യകരമാകുന്നു.<br>• നിരീക്ഷിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.<br>• വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.<br>• യുക്തിചിന്ത വളർത്തുന്നു. | ജൂൺ to മാർച്ച് |
| പാനീയമേള | • പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വരുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്.<br>• ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്. | ജനുവരി |
| പലഹാര മേള | • പലതരം പലഹാരങ്ങൾ മനസിലാക്കുന്നതിന്.<br>• പലഹാരങ്ങൾ ഉണ്ടാക്കുന്ന വിധം മനസിലാക്കുന്നതിന്.<br>• ലഘുപാചകക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കൽ | ഫെബ്രുവ |

# ACADEMIC MASTER PLAN
## CLASS 3

ക്ലാസ് - 3

ലക്ഷ്യം :- നാടൻപാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിക്കും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക
- പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം, വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | * കുട്ടി കേട്ട ഒരു കഥ പറയൽ<br>* അവധിക്കാല അനുഭവങ്ങൾ പറയൽ<br>* ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക്)<br>മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്. | ജൂൺ. |
| 2. | <u>വായ്ത്താരി ചന്തം</u><br>- വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു, അവതരിപ്പിക്കുന്നു.<br><u>വായ്ത്താരി മേളം</u><br>ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗവേള, ബാലസഭ എന്നിവയിൽ അവതരണം. | |

- വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.
- ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.
- നാടൻപാട്ട് ശില്പശാല

* പഴഞ്ചൊൽ പൊലിമ

- പഴഞ്ചൊല്ലുകൾ ശേഖരണം
- പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്കാരം. ജൂൺ, ജൂലൈ

* ഒരു ദിനം ഒരു പഴഞ്ചൊല്ല്

- കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ എടുത്തിപ്പിക്കുന്നു.
- പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം.

* കടങ്കഥ

- കടങ്കഥ യിൻ അറിവ് പരിശോധന
- വിവിധ മേഖലകളുമായ് ബന്ധപ്പെട്ട കടങ്കഥകളുടെ

ശേഖരണം
- കടങ്കഥ നിർമ്മാണം
- കടങ്കഥ പതിപ്പ് തയ്യാറാക്കൽ
- കടങ്കഥ ശില്പശാല
- വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം
- ഡോക്യുമെന്ററി പ്രദർശനം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം, ആൽബം തയ്യാറാക്കൽ

ജൂലായ് - ആഗസ്റ്റ്

<u>കഥോത്സവം</u>

- നാട്ടുകഥകൾ ശേഖരണം
- നാട്ടുകഥകൾ അവതരണം
- കഥാപാത്ര ചിത്രീകരണം
- സ്വന്തം ആശയത്തിൽ കഥാവതരണം
- കഥാപൂരണം
- കേട്ട കഥകൾ പാവനാടകമാക്കി അവതരിപ്പിക്കൽ

- കഥ... കഥ... കഥോത്സവ്
- നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു. ആഗസ്റ്റ്
- ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു.
- ഓരോ കഥയുടെയും അവതരണത്തിനു ശേഷം <u>ഒരെടക്ക</u> ചർച്ച.

<u>ലക്ഷ്യം</u> :- ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

* രക്ഷിതാക്കളുടെ സഹായത്താൽ അക്ഷരകാർഡുകൾ നിർമ്മിച്ചു നൽകുന്നു. വളരുന്ന അക്ഷരമരം (ഒരു കുട്ടിക്ക് ഒരു കൊമ്പ്) ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക.

- നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ — ജൂലായ്.
- വീട്ടിലും ഒരു അക്ഷരമരം.
- വീഡിയോ പ്രദർശനം. (whatsapp)

രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശില്പശാല നടത്തുന്നു. തയ്യാറാക്കിയവയുടെ പ്രദർശനം. — ആഗസ്റ്റ്.

- അക്ഷരപൂരണം (ചിത്രങ്ങൾ നൽകി)
- അക്ഷര കാർഡുകൾ നൽകി വാക്കു നിർമ്മാണം.

വളരുന്ന അക്ഷര ലൈബ്രറി (ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു.)

അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പത്രങ്ങൾ, മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി

വരുന്ന നാടകം ലൈബ്രറിയിലേക്ക് ഓടിക്കുന്നു.
വായിക്കുന്നു.

- ഓണപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ)
- പിക്ചർ റീഡിംഗ് – കൃഷിയിടത്തിലേക്ക്. (ഒന്നാം പാഠം)

(പച്ചക്കറികൾ തിരിച്ചറിയുന്നു പേരുകൾ എഴുതുന്നു.

ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം
(കഥാപാത്രങ്ങളുടെ പങ്കാളിത്തത്തോടെ വായിക്കൽ)

- പദചങ്ങല – പദങ്ങൾ ചേർത്ത് വാക്യമാക്കൽ
- ആഭരണം അണിയിക്കാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം) ഒക്ടോബർ
- ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം

- തെറ്റ് തിരുത്തൽ

ചിത്ര വായന

- ചിത്രം നോക്കി കഥ പറയാം.
- ഗ്രൂപ്പിൽ പറയുന്ന ചിത്രം മറ്റു ഗ്രൂപ്പുകാർ
  പുസ്തകം, വായന കാർഡ് നോക്കി പറയൽ
- കഥാപാത്രങ്ങളെ കണ്ടെത്തൽ
- സംഭാഷണം.

കൂട്ട വായന – കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.

- വായന ചങ്ങല – വായന കാർഡ് നൽകൽ
- ചിത്രം നൽകി വിവരണം നൽകൽ എഴുതൽ

* ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ
- രക്ഷിതാക്കൾക്ക് കവിത രചന മത്സരം
- തെരഞ്ഞെടുത്തവ ക്ലാസിൽ വായനാകാർഡ് ആക്കൽ.
- വായനാകാർഡിൽ വരികൾ കൂട്ടി ചേർക്കൽ.

രക്ഷിതാക്കളും കുട്ടികളും പങ്കെടുപ്പിച്ചുവരണം.

* കുഞ്ഞുവായന, ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു.

ചിത്രങ്ങൾക്ക് താഴെ കഥാ സന്ദർഭം എഴുതി പൂർത്തിയാക്കൽ
- കൈയെഴുത്തു മാസിക
- ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച്

ജനുവരി

സ്വന്തം ഭാഷയിൽ കഥ പറയുക — ഫെബ്രുവരി

- കഥ പൂർത്തിയാക്കൽ
- ചിത്രം നോക്കി കഥ പറയലും കഥ എഴുതലും.

* വായനാകളരി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം. — മാർച്ച്

- കഥാ രചനാ അവതരണം.

വിഷയം : പരിസര പഠനം.

- ലക്ഷ്യം : ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| **ഞാനും എന്റെ പരിസരവും :-**<br>- ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കൽ, മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം; സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ<br><br>**പൂന്തോട്ടം ഒരുക്കാം :**<br>- ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം<br>- സ്കൂൾ പൂന്തോട്ട നവീകരണം<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ - ജനുവരി |

ലക്ഷ്യം 2 – പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തിയെടുക്കുക.

പ്രകൃതി നടത്തം.

- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം
- പ്രത്യേകതകൾ മനസ്സിലാക്കാം.
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.
- ഫീൽഡ് ട്രിപ്പ്
- ജീവികളുടെ പരസ്പരാശ്രയത്വം – ചർച്ച
- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം. (ഫീൽഡ് ട്രിപ്പ്)

- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില നടപടികൾ മനസ്സിലാക്കാം. (documentary) ജൂൺ - ഡിസംബർ

- ചർച്ച – തെറ്റും ശരിയും.

2 പൂന്തോട്ടം ഒരുക്കാം.

- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ ജൂൺ - മാർച്ച്
- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ

3 ഒരു തൈ നടാം.

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. ജൂൺ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ

4 പോസ്റ്റർ നിർമാണം

- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
- പരിസരങ്ങളിൽ പതിക്കൽ.

5 ദാഹജലം

- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം.

ലക്ഷ്യം : 3

കുട്ടികളെ വ്യക്തി ശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.

1. ദിന കൃത്യങ്ങൾ

- ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ. എന്ന ബോധം ക്ലാസ് ചർച്ച

കളിയിലൂടെ ഉറപ്പിക്കുക. ജൂൺ

2. നമ്പർവൺ

- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. ജനുവരി- മാർച്ച്

3. പരിസര നടത്തം

- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം നേരിട്ടറിയാം - സർവ്വേ
- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു. ജൂൺ- ഡിസംബർ
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

4. നല്ല ശീലം

- പോസ്റ്ററുകൾ തയ്യാറാക്കാം.
- പരിസരങ്ങളിൽ പതിക്കാം.

ജൂലൈ - മാർച്ച്

ലക്ഷ്യം 4 :-

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

1. ഫീൽഡ് ട്രിപ്പ്.

- നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc

ജനുവരി - മാർച്ച്

2. പരീക്ഷണങ്ങൾ

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

— ഡിസംബർ - ജൂ

ശാസ്ത്രജ്ഞനോടൊപ്പം .

- ക്ലാസ്
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. — ഡിസംബർ-ഫെബ്രുവരി.

പക്ഷി നിരീക്ഷണം

- ക്ലാസ്
- പക്ഷി നിരീക്ഷണത്തിന് അവസരം — ജനുവരി-മാർച്ച്.

# ഗണിതം

ലക്ഷ്യം : 4

നിത്യ ജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ ഗണിതയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു ; താരംതിരിക്കുന്നു ; നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതീയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.

നിത്യ ജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർത്ഥിക്കുന്നു. പാറ്റേണുകൾ വരയ്ക്കുന്നു.

| പ്രവർത്തനം | കാലയളവ്. |
| --- | --- |
| **പ്രയോഗവൽക്കരണം**<br>- വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള ആഭരണങ്ങളുടെ നിർമാണം. രൂപങ്ങൾ തിരിച്ചറിയൽ ; പ്രയോക്താക്കൾ മനസ്സിലാക്കൽ.<br>- ഗണിത രൂപങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള ഗ്രീറ്റിംഗ്സ് കാർഡ് നിർമാണം.<br>- തോരണ നിർമ്മാണം.<br>രൂപങ്ങൾ കണ്ടെത്തൽ.<br>- ഗണിത രൂപങ്ങൾ ഉപയോഗിച്ച് | ജൂൺ |

വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ.

- ഗണിതരൂപ ചിത്ര പതിപ്പ്.
- ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ
- ചിത്ര പാറ്റേൺ ബാഗസിൻ തയ്യാറാക്കൽ.
- ജിയോ ബോർഡ് നിർമ്മാണം.
- വെണ്ടയ്ക്കയിൽ പ്രിന്റിംഗ് തയ്യാറാക്കൽ
- തീപ്പെട്ടി കമ്പ് ഉപയോഗിച്ച് കൊണ്ടുള്ള വിവിധ ഗണിതരൂപങ്ങളുടെ നിർമ്മാണം.

<u>ലക്ഷ്യം : 2</u>

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.

| പ്രവർത്തനം | കാലയളവ് |
|---|---|
| കളം നിറയ്ക്കാം. | |
| 1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനകളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |
| നറുക്കെടുക്കാം.<br>– സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>– കിട്ടിയ സംഖ്യ വായിക്കാം.<br>– മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ |
| 10 ചങ്ങാതിമാർ<br>– സംഖ്യ നറുക്ക് എടുക്കുന്നു.<br>– കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം | ജൂൺ |

തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.

ജൂൺ - സെപ്തംബർ

പാറ്റേൺ പൂർത്തിയാക്കാം.

- വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ ക്രമത്തിലാക്കാം.
- വ്യത്യസ്ത സംഖ്യകൾ നൽകുന്നു.
- ആരോഹണ ക്രമം, അവരോഹണ ക്രമം, എഴുതുക.

ജൂൺ- ഓഗസ്റ്റ്.

ലക്ഷ്യം : 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

കൂട്ടങ്ങളാക്കാം

- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം. | ജൂൺ
- കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം.

2. സംഖ്യാ സൂര്യൻ

- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം. | 2 ആഴ്ച
- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.

3. ക്രമീകരിക്കാം.

- അബാക്കസ് നിർമ്മാണം. | ജൂൺ – സെപ്റ്റംബർ
- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.
- അരവിന്ദ് ഗുപ്ത

* ലക്ഷ്യം : 3

| | | |
|---|---|---|
| | മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ആർജ്ജിക്കൽ, അവസരം ഒരുക്കൽ. | കാലയളവ് |
| No | പ്രവർത്തനം | |
| 1. | ക്ലാസിൽ ഒരു കട (കുഞ്ഞുകട) കച്ചവട കളിക്ക്.<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവക്ക് വില നൽകി കട ക്രമീകരിക്കുന്നു<br>- ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കട കളി ഒരുക്കുന്നു. | ഫെബ്രുവരി. |

| | |
|---|---|
| സമയ ചക്രം<br>- ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം നിർമ്മിക്കുന്നു. (am, pm)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹാരത്തിന് ഉപയോഗപ്പെടുത്തുന്നു.<br>ലക്ഷ്യം : 4<br>മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്കോണുകൾ ഉറപ്പിക്കുന്നു. | ജൂലൈ |
| പ്രവർത്തനം | കാലയളവ് |
| സംഖ്യ ചക്രം.<br>- സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം | ജൂലൈ- മാർച്ച്. |

ഭാഗ്യവാനെ കണ്ടെത്താം.

- അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.
- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
- ക്രിയ ചെയ്യാം.
- ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളത് കണ്ടെത്താം.

ജോഡി കണ്ടെത്താം.

- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.

ജൂലൈ- ഫെബ്രുവരി.

കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം.

ഓഗസ്റ്റ്– ഫെബ്രുവരി.

# ACADEMIC MASTER PLAN

## CLASS - 4
## ENGLISH

Objectives :-

* To encourage active listening and speaking skills.
* To develop an English atmosphere that the Children are engaging.
* To escpand Vocabulary for improved communication and comprehension
* Ensure fluency in reading and writing.
* To equip students with effective written communication skills.
* To establish a Solid understanding of Language elements.
* To develop a love for reading and Literature
* To develop children's own stories and drafting books.
* To apply the language in day today life.

| Serial No. | Name. | Description | Period |
|---|---|---|---|
| 1 | English Challenge. | We can - Creates an English atmosphere. Speak simple English sentences frequently. Uses simple questions and lead to jokes. Share simple story cards and story videos in WhatsApp groups. Celebrate a day in a week as English Day.<br>* Paste some English words on walls, doors, shelf, bench, desk, table etc.<br>* Make use of some action songs and games also. | June to March |
| 2 | English Assembly | Listening - Teacher talk<br>Speaking - Prayer, Pledge, news, riddles, diary, quotes of eminent leaders, Reader's theatre etc. | |

| | | |
|---|---|---|
| Speech bubbles. | Give Chances for filling Speech bubbles Eg:- Isaac and Dilna Give more Chances in the units | From June 2nd week onwards. |
| MEW | New words are introducing through pictures and appropriate sentences in different context to get its meaning. Students have to keep them in note books as My English World. | June to March. |
| Read and Rejoice | Tells Simple English Stories with proper actions and Voice modulations. Gives more Stories having great values like brave, unity, kindness, honesty etc... for reading. | Once in a week. |
| Picture Diary. | Experience Sharing and writing diary with suitable pictures. | From the end of June to March. |
| Hai English. (English Club) | Various Club Activities. Eg:- English Fest, Reader's theatre. | July to February. |
| My Notice. | Exhibits model notices. Leads to discussion and prepare School notices about major activities. | June Last Week. |

| | | | |
|---|---|---|---|
| 9 | Digi task. | Teacher and students are Calling each other through mobile phone Share feelings, thoughts and events in English. | Frequen[illegible] |
| 10. | Picture Diction-ary (World of Words) | At the end of each unit collect words, reorder them and create a picture dictionary. | At th[illegible] end of each unit. |
| 11 | Creative Space. | Provide Students with a set of story related pictures. They should Sequence the events and develop a meaningful story based on them | Balasa[illegible] Period |
| 12 | Descri ption | Give different pictures to prepare a description. Describing words are introducing occasionally | July |
| 13 | Riddles, riddles ..... | Teacher asks some riddles. Gives riddles making as a group work. | July |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - 4

## മലയാളം.

ലക്ഷ്യങ്ങൾ: -

* ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ
* കുട്ടികളിൽ വായനശേഷി വളർത്തൽ
* എഴുത്ത് പരിപോഷിപ്പിക്കൽ
* ബാലസാഹിത്യകൃതികൾ വായിച്ചാസ്വദിക്കാൻ

| നമ്പർ | പേര് | പ്രവർത്തനം | കാലം. |
|---|---|---|---|
| 1 | ചിഹ്നം ചേർക്കാം. | അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടൽ, ചിഹ്നങ്ങളില്ലാത്ത വാക്കുകൾ നൽകുന്നു. ചിഹ്നം ചേർത്ത് വാക്കുകൾ ഉണ്ടാക്കട്ടെ. വാക്യനിർമാണം. വാക്യങ്ങൾ (വായന) - ലഘു വാക്യങ്ങൾ - ലഘു ചോദ്യങ്ങൾക്ക് ഉത്തരം എഴുതൽ. | ജൂൺ |
| 2 | പോസ്റ്റർ | ജൂൺ - 5 പോസ്റ്റർ നിർമാണം. | ജൂൺ |
| 3 | ലൈബ്രറി ഒരുക്കൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ | ജൂൺ |

| | | | |
|---|---|---|---|
| 4 | വായന ദിനം. | പോസ്റ്റർ നിർമ്മാണം.<br>ഇഷ്ടപ്പെട്ട വിഷയം – കഥ/കവിത നിർമ്മാ രചന<br>കഥ/കവിത മത്സരം.<br>കവിതകൾ, കഥകൾ കേൾക്കൽ<br>കഥ വായിച്ചുകൊടുക്കുന്നു.<br>സാഹിത്യകാരന്മാരെ പരിചയപ്പെടൽ | ജൂൺ |
| 5 | സംഭാഷണം തയ്യാറാക്കൽ | ചെറിയ സംഭാഷണം തയ്യാറാക്കൽ പാഠപുസ്തകത്തിലെ ചിത്രങ്ങളെ അടിസ്ഥാനമാക്കി | ജൂൺ മുതൽ മാർച്ച് വരെ |
| 6 | പുതിയ വാക്കുകൾ | ഓരോ യൂണിറ്റിലും പരിചയപ്പെടുന്ന പുതിയ വാക്കുകൾ മേശ, ഡസ്ക് എന്നിവിടങ്ങളിൽ ഒട്ടിച്ചു വെയ്ക്കുന്നു. | ജൂൺ → മാർച്ച് |
| 7 | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പരിസരപഠനം
## Std. IV

| പ്രവർത്തനം. | | | |
|---|---|---|---|
| ഫീൽഡ് ട്രിപ്പ് - ജൈവ വൈവിധ്യ പാർക്ക് | നിരീക്ഷണം - അറിവ് നിർമാണം | പാഠഭാഗത്തിലെ സാധ്യതകളനുസരിച്ച് | ടീച്ചർ |
| ഭൂപടമൊരുക്കാം | ഭൂപട വായന, രചന, സൂചിക നിർമാണം | ജൂലൈ | |
| 3 ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യൽ | ലഘുപരീക്ഷണങ്ങളിലേർപ്പെടൽ | മാസത്തിലൊന്ന്, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് | ടീച്ചർ |
| 4 ആൽബം - തയ്യാറാക്കൽ ഇല, മൃഗങ്ങൾ, പക്ഷികൾ | ശാസ്ത്ര പഠനം രസകരമാക്കൽ, അറിവു നിർമാണം | 1 വർഷം | ടീച്ചർ |

| | | | | |
|---|---|---|---|---|
| 5 | ശാസ്ത്ര ദിനം ആചരിക്കൽ | ശാസ്ത്ര ക്ലാസുകൾ, പരീക്ഷണം ചെയ്യൽ, ചർച്ച നടത്തം | ഫെബ്രുവരി | SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## - ഗണിതം -

## Std - IV

| പ്രവർത്തനം | ലക്ഷ്യം | സമയം | ചുമതല |
|---|---|---|---|
| വിവിധ തരം കളികൾ<br><br>Eg:- ഡൈസ് കളി, സങ്കലനം വ്യവകലനം Card | ഗണിതപഠനം രസകരമാക്കൽ | 1 വർഷം | Teacher |
| ഗണിതപ്പെട്ടി ഒരുക്കൽ ചതുരക്കാർഡ്, മഞ്ചാടി, പുളിങ്കുരു, ഈർക്കിൽ Cube, block മണിവ് | ഗണിതപഠനം എളുപ്പമാക്കാൻ | 1 വർഷം | Teacher |
| 3 പസിൽ കോർണർ മാസത്തിൽ 10 ചോദ്യങ്ങളും ഉത്തരങ്ങളും ചർച്ച ചെയ്യുന്നു. വർഷാവസാനം Quiz നടത്തുന്നു. | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് നേടൽ | 1 വർഷം | Teacher |
| 4 ഗണിത ക്യാമ്പ് | ഗണിത ശേഷികൾ വർധിപ്പിക്കുന്നതിന് | 1 ടേമിൽ ഒന്ന് | SRG |

| | | | |
|---|---|---|---|
| 5 | മെട്രിക് മേള | അളവുകളുമായി ബന്ധപ്പെട്ട ശേഷികൾ നേടുന്നതിന് | മാർച്ച് |

മലയാളം

ലക്ഷ്യം / പഠനനേട്ടം :- * മലയാളഭാഷ തെറ്റില്ലാതെ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടൽ

* ആസ്വാദനപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ.

* വായിച്ച കഥകളെക്കുറിച്ച് പറയാനും എഴുതാനും/വായനാനുഭവങ്ങൾ പങ്കുവയ്ക്കാനുമുള്ള കഴിവ്.

* വീട്ടിൽ ഒരു ലൈബ്രറി.

| പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|
| • T.B, H.B. പരിശോധിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ.<br>→ ആവശ്യമായി സ്കൂൾ ലൈബ്രറി/പൊതുവായനശാലകൾ എന്നിവ സന്ദർശിച്ച് പുസ്തകശേഖരണം. | May - June | SRG<br>PTA |

| | | |
|---|---|---|
| > പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കൽ | | |
| > ക്ലാസ് ലൈബ്രറി തയ്യാറാക്കൽ. വായനാ കാർഡുകൾ, ലൈബ്രറി രജിസ്റ്ററുകൾ, ബാലസാഹിത്യ കൃതികൾ, കുട്ടിക്കവിതകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ് ലൈബ്രറി വിപുലീകരിക്കുന്നു. | June | SRG, PTA |
| > പുസ്തക പരിചയം. ക്ലാസ് ലൈബ്രറിയിൽ നിന്ന് വായിച്ച പുസ്തകങ്ങൾ ആഴ്ചയിൽ ഒന്ന് വീതം കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | July | |
| > അമ്മയും കുട്ടിയും വായന. എല്ലാ ദിവസവും നിശ്ചിത സമയം അമ്മയും കുട്ടിയും വായനയ്ക്കായി മാറ്റിവയ്ക്കുന്നു. മാർച്ച് മാസം അവസാനത്തോടെ കുട്ടി സ്വതന്ത്രവായനക്കാരായി മാറും. | | PTA |
| > ചിത്രപുസ്തകം തയ്യാറാക്കൽ. ചിത്രങ്ങളോടുകൂടിയ കഥകൾ തയ്യാറാക്കൽ. തയ്യാറാക്കിയവ പുസ്തകമാക്കി രൂപപ്പെടുത്തൽ. | July / August | |

ലക്ഷ്യം / പഠനനേട്ടം :- * സംഖ്യാബോധം ആർജിക്കൽ
* ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നപരിഹാരം ചെയ്യൽ
* ഗണിതപഠനം രസകരമാക്കൽ.

| പഠനപ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|
| **ഗണിത കളികൾ**<br>പാമ്പും കോണിയും, ലൂഡോ, പസിലുകൾ തുടങ്ങി ഗണിതപഠനത്തിൽ താൽപര്യമുണർത്തുന്ന കളികൾ. | June | |
| **കച്ചവടം**<br>ക്ലാസ് തലത്തിൽ ഒരു 'Honesty Shop' ആരംഭിച്ച് ചുമതല കുട്ടികൾക്ക് നൽകുന്നു. | July | SRG, PTA |

| | | |
|---|---|---|
| ഗണിതലാബ് – ഉദ്ഘാടനം<br>ജ്യാമിതീയ വസ്തുക്കൾ, രൂപങ്ങൾ, ഗണിത പഠനോ-പകരണങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഗണിതലാബ്.<br><br>പഠനോപകരണ നിർമ്മാണം<br>ക്ലാസ്സിലേയ്ക്കു വേണ്ട പഠനോപകരണ നിർമ്മാണ ശില്പശാല നടത്തുന്നു<br>പാട്ടുകൾ, പസിൽ നിർമ്മാണം. | July | SRG, CPTA |

## ശാസ്ത്രം

ലക്ഷ്യങ്ങൾ :
* ശാസ്ത്രത്തിനോട് താൽപര്യം ഉണർത്തുന്നതിന്.
* അന്വേഷണാത്മകത പ്രോത്സാഹിപ്പിക്കൽ.
* ഉപകരണനിർമ്മാണം.
* ശാസ്ത്രീയ അറിവുകളുടെ പ്രയോഗം
* നിരീക്ഷണം - അറിവ് നിർമ്മാണം

| പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല |
|---|---|---|
| പ്രശ്നോത്തരി നടത്തൽ | June | ക്ലാസ് ടീച്ചർ |
| ശാസ്ത്ര യാത്ര | — | PTA |
| ഫീൽഡ് ട്രിപ്പുകൾ | | |
| വാനനിരീക്ഷണകേന്ദ്രം, ശാസ്ത്രപ്രദർശനങ്ങൾ സന്ദർശനം | — | PTA , SRG. |

| | | |
|---|---|---|
| ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ | മാസത്തിൽ ഒരു | SRG, Class Tr |
| ശാസ്ത്രമാസിക നിർമാണം | വർഷത്തിലൊരിക്കൽ | SRG, Class Tr |
| ഭൂപട നിർമാണം | വർഷത്തിലൊരിക്കൽ | H.M, SRG. |

## ഇംഗ്ലീഷ്

ലക്ഷ്യം :

* ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കാനും എഴുതാനും വായിക്കാനും ശേഷി മെച്ചപ്പെടുത്തൽ.
* തെറ്റില്ലാതെ ഇംഗ്ലീഷ് രചനകളും ചെയ്യുന്നു
* ആത്മവിശ്വാസം ഉണ്ടാക്കൽ.
* സർഗാത്മകശേഷി വികസനം.

| പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല |
|---|---|---|
| > അക്ഷരവായന → വാക്കുവായന → വാക്യവായന → വിശദവായന → കൂട്ടുവായന. | വർഷം മുഴുവൻ | PTA, Class Tr |
| > Language period / Language day | ആഴ്ചയിലൊരിക്കൽ June - March | PTA. |
| > ചെറിയ സംഭാഷണങ്ങൾ കേട്ട് മനസ്സിലാക്കൽ | — | — |

| | | | |
|---|---|---|---|
| Dictionary Making | June - March. | - | |
| Language Games | - | | |
| ഇംഗ്ലീഷ് കോർണർ | ജനുവരി-ഫെബ്രുവരി | PTA, SRG. | |
| ഇംഗ്ലീഷ് ഫെസ്റ്റ് | - | - | |

## അക്കാദമിക പ്ലാൻ
## മലയാളം (UP)

| Sl. No. | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | ചിന്തന | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീ-ടെസ്റ്റ്<br>അക്ഷര ചിത്രങ്ങൾ നൽകി അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>ചിത്രങ്ങളുടെ സഹായത്തോടെ അടയാളങ്ങൾ ഉറപ്പിക്കൽ. | മൂന്ന് ~~മാസം~~ ആഴ്ച | ചിത്രങ്ങൾ | SMC | 500 |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ.<br>കഥ- ബാക്കിപറയൽ<br>കഥ- ബാക്കിയെഴുതൽ | ഒരു മാസം | ചിത്രങ്ങൾ<br>A4<br>പേന | SMC | 500 |
| 3. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പുകളാക്കി ഗ്രൂപ്പുകളിൽ പുസ്തകം കൈമാറി വായിക്കാൻ അവസരം നൽകുന്നു. | ഒരു മാസം | പുസ്തകങ്ങൾ | SMC | 1500 |

# ACADEMIC MASTER PLAN
## ENGLISH

### AIMS

* To enable the child to attain the topic skills of language.
* To provide ample opportunities to analyse and and practise the elements of language.

### ACTIVITIES

* Checks the vocabulary and writing skills of pupils.
* Develops listening skills.
* Develops speaking skills.
* Develops reading skills.
* Develops writing skills.
* Expresses thoughts, feelings etc.
* My English Diary.
* English Assembly.
* English camp.
* Elocution competition

| Aims and Learning Skills | Activities | Duration | Facilities Needed | Support |
|---|---|---|---|---|
| To check the vocabulary and writing skills. | Pre-test | June | Picture cards. | |
| To develop listening skills | * Listening to game instructions and act accordingly.<br>* Listening to teacher talk (in English)<br>* Listening to stories<br>* Riddles<br>* Guess - Who am I?<br>* Audio clips of conversations. | Throughout the year | ICT | |
| To develop speaking skills | * Self introduction<br>* Practising conversations<br>* Story telling | June<br>September - December | | |

| | | | | |
|---|---|---|---|---|
| | * Preparing book reviews | Once in a month | English books | |
| | * Debate | January - February | | |
| | * Topic presentation | August - November | | |
| To develop reading skills. | * Distributes Library books<br>* Newspaper reading | June to February | Library books<br>English News-papers | SMC |
| | * Reading competitions (Class level and School level) | Class level - October<br>School level - November | Reading cards | SMC |
| To develop writing skills. | * Word web. | July | | |
| | * Picture description<br>* Preparing conversations | June to February. | Picture cards | |
| | * Thought writing<br>* Letter writing | August to January | | |

| | | | | |
|---|---|---|---|---|
| To express thoughts, feelings etc. | * Simple story / poem writing | November onwards | | |
| | * Script writing<br>* Story developing<br>* My English Diary | October to January | | |
| English Assembly | Conducts English assembly which includes News reading, quotes of famous personalities, book review etc. | Twice in a month. | English books News papers. | |
| To improve presentation power | * Elocution competition<br>* English camp | August<br>2nd Term. | | SNX |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ: ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ അക്ഷരങ്ങളെ പരിചയപ്പെടാനും ഹിന്ദി ഇഷ്ടപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചുകൊടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ. | |
| 2. ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ. | |
| 3. ഹിന്ദി സംസാരം: | ഹിന്ദി മാത്രം മിക്കവാറും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുന്നു. | അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടു വരും.<br><br>വായനയ്ക്ക്.....<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. Readery fight ഉച്ചാരവായന തെറ്റതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | | | |

അറബിക്
ക്ലാസ് - V to VII

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, | staff<br>PTA |
| | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് ഇ വായന<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | staff<br>PTA |
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമ്മാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുവർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>staff |
| | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക<br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി പുസ്തകങ്ങൾ. | staff<br>PTA |
| | സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം ,<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | management |

# അടിസ്ഥാന ശാസ്ത്രം

## പൊതുലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
2. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
3. ഓരോ കുട്ടിയെയും ഗവേഷകരാക്കുക.
4. മുഴുവൻ കുട്ടികളെയും നിശ്ചിത പഠന നേട്ടത്തിൽ എത്തിക്കുക.
5. ശാസ്ത്ര കിറ്റ്, ഹോം ലാബ് തയ്യാറാക്കൽ ഓരോ കുട്ടിക്കും സ്വതന്ത്രമായി പരീക്ഷണത്തിലേർപ്പെടാനും ഉപകരണങ്ങൾ നിർമ്മിക്കാനും പ്രാപ്തമാക്കുക.

| പഠനനേട്ടം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയേയും ഗവേഷകനാക്കുക | ഓരോ കുട്ടിക്കും സ്വന്തമായി പരീക്ഷണത്തിലേർപ്പെടാൻ ശാസ്ത്രകിറ്റ്, ഹോം ലാബ് സജ്ജീകരണം.<br>– ആവശ്യമായ സാമഗ്രികൾ ചുറ്റുപാടിൽ നിന്നും ശേഖരിക്കുന്നു. | 2025 – 26 | | |
| ശാസ്ത്ര പഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | 2. പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയാറാക്കൽ | എല്ലാ ടേമിലും | | |

| | | | | |
|---|---|---|---|---|
| | | | | |
| * കുട്ടികളെ നല്ല നിരീക്ഷക-രാക്കുക.<br><br>ഫീൽഡ് ട്രിപ്പ്, പരിസ്ഥിതി പഠനയാത്ര ഇവ വഴി പ്രകൃതിയെ അറിയാൻ. | 3. സ്കൂളിലെ ജൈവവൈവി-ധ്യപാർക്ക് വിപുലീകരിക്കുക.<br>- വിവിധ ആവാസവ്യവസ്ഥകൾ നിരീക്ഷിക്കും.<br>- നാട്ടിലുള്ള ചെടികൾ/സസ്യങ്ങൾ നട്ടുപിടിപ്പിക്കുക, പലതരം സസ്യങ്ങൾ നിരീക്ഷിക്കുക.<br>- പച്ചക്കറിത്തോട്ടം നിർമ്മിക്കുക.<br><br>4.<br>തന്റെ ചുറ്റുപാടിനെ അറിയുന്നതിനായി കൃഷിസ്ഥലം സന്ദർശിക്കുക. ആധുനിക കൃഷിരീതി-കൾ മനസ്സിലാക്കാനായി ജില്ലാ കൃഷിത്തോട്ടത്തി- | July — August | | |

| | | | | |
|---|---|---|---|---|
| | | | | |
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക.<br><br>പുത്തൻ ശാസ്ത്ര അറിവുകൾ വളർത്തുന്നതിനും പങ്കുവയ്ക്കുന്നതിനും | ലേക്ക് ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുക<br><br>5.<br><br>എല്ലാ കുട്ടികളുടെയും ഉൾപ്പെടുത്തിക്കൊണ്ട്, ആവശ്യമായ വസ്തുക്കൾ ശേഖരിച്ചുകൊണ്ട് സോപ്പ് നിർമാണം.<br><br>6.<br><br>ശാസ്ത്ര ലൈബ്രറി തയ്യാറാക്കും. | July / August | Science club | |

| | | | | |
|---|---|---|---|---|
| കാർഷികവൃത്തി യോട് ആഭിമുഖ്യ മുള്ളവരാക്കിമാറ്റും. | സ്കൂളിലും വീട്ടിലും പച്ചക്കറിത്തോട്ടം നിർമ്മിക്കും. മുതിർന്ന കർഷകരുമായി ചർച്ച. ഉദ്യാനനിർമ്മാണം. | | | |

## UP Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രം അടിസ്ഥാനത്തിലെ അറിവുകൾ, ആശയങ്ങൾ നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനത്തിലെ അറിവുകൾ പരിശോധിക്കുന്നതിന് പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | June, July | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രബോധം ഉള്ള വരാക്കി മാറ്റുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | June / July | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസിലാക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ | പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ അവയുടെ തീവ്രത മനസ്സിലാക്കുകയും അഗ്നിശമന സേനയുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സഹഭാവന വളർത്തിയെടുക്കൽ | വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനങ്ങൾ ദുരന്തബാധിത പ്രദേശങ്ങളിലെ ആളുകൾക്ക് നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6) വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗത്തോട് സുരക്ഷ എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പ്രകൃതി സംരക്ഷണ സർവ്വേകൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഗണിതം

## പൊതുലക്ഷ്യങ്ങൾ :

1. അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ സജ്ജീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെ എല്ലാ കുട്ടികളെയും ഗണിതശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ മികച്ച നിലവാരത്തിൽ എത്തിക്കുക.
2. പാഠ്യപദ്ധതിയിലെ എല്ലാ നേട്ടങ്ങളും കൈവരിക്കാൻ ഓരോ കുട്ടിയെയും പ്രാപ്തനാക്കുക.
3. ഉത്പാദനപരമായ പ്രക്രിയാ ശേഷികൾ നേടുന്നതോടൊപ്പം ഗണിതാഭിരുചിയും ഉയർന്ന ചിന്താശേഷിയും വളർത്തിയെടുക്കുക.
4. പ്രതിഭാധനരായ കുട്ടികൾക്ക് സ്കോളർഷിപ്പുകളും മത്സരപ്പരീക്ഷാ വിജയവും സാധ്യമാക്കുന്നതിന് പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുക.
5. പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി മികച്ച പഠനനിലവാരത്തിൽ എത്തിക്കാൻ വേണ്ട പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
6. പഠനപ്രവർത്തനങ്ങൾ, നിർമ്മാണക്കളരി, ക്യാമ്പ് തുടങ്ങിയവയിലൂടെ ഓരോ കുട്ടിയെയും പങ്കാളിയാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

| പഠനനേട്ടം/ലക്ഷ്യം | പ്രവർത്തനം /പദ്ധതി | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ഗണിതത്തിലെ അടിസ്ഥാന ക്രിയാശേഷികൾ ഉറപ്പുവരുത്തുന്നതിലൂടെ ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക. | * പ്രീടെസ്റ്റ്, മൂല്യനിർണയം - പരിഹാര ബോധനം<br>* കൂട്ടാം, കുറക്കാം, വീതം വെക്കാം<br>സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ ക്രിയകൾ ഉറപ്പിക്കാൻ ഓരോ ക്ലാസ്സ് നിലവാരത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതം, ഗ്രൂപ്പിൽ. | ജൂൺ-ജൂലൈ | വർക്ക് ഷീറ്റുകൾ<br>ഗണിതം കൈത്താങ്ങ് | |
| * സംഖ്യാ ബോധം | * സംഖ്യാ ലോകത്തേക്ക്<br>- സംഖ്യാ വ്യാഖ്യാനം<br>- ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ | | | |
| * പ്രശ്നപരിഹരണ ശേഷി വികസിപ്പിക്കുക. | * അതാത് ക്ലാസിലെ പാഠഭാഗങ്ങൾക്കനുസരിച്ച് ചോദ്യങ്ങളും വർക്ക് ഷീറ്റുകളും തയ്യാറാക്കി നൽകുന്നു. | ജൂലൈ-ആഗസ്റ്റ് | I.C.T<br>വർക്ക്ഷീറ്റുകൾ<br>ഗണിതക്കളികൾ | |
| * ഉയർന്ന യുക്തിചിന്തയും മനക്കണക്കിലൂടെ പ്രാവീണ്യവും നേടുക. | * കളിക്കാം, രസിക്കാം<br>- ചോദിക്കൂ പറയാം, നമ്പർ പസ്സിലുകൾ, പിക്ചർ പസ്സിലുകൾ, ക്വിസ് പ്രോഗ്രാം തുടങ്ങിയവ നൽകുന്നു. | | ക്വിസ് കാർഡുകൾ | |

| പഠനനേട്ടം / ലക്ഷ്യം | പ്രവർത്തനം / പദ്ധതി | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * സമയത്തെക്കുറിച്ചുള്ള ധാരണ | - ക്ലോക്കുണ്ടാക്കാം<br>- ക്ലോക്ക് നിർമ്മാണം - വ്യക്തിഗതം<br>മണിക്കൂർ, മിനിറ്റ്, സെക്കന്റ് താരതമ്യം<br>- പ്രായോഗിക പ്രശ്നങ്ങൾ | 2025-26 അധ്യയന വർഷം സമർപ്പിക്കാം. | | |
| * അളവുകൾ, തൂക്കങ്ങൾ ഇവയെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുക. | - അളവു പാത്രങ്ങളുടെ താരതമ്യം | 2025-26 പഠനനേട്ടവുമായി ബന്ധപ്പെട്ട | | |
| * ഭിന്നസംഖ്യ എന്ന ആശയം ഉറപ്പിക്കുക. | - ഭാഗം വയ്ക്കാം<br>- വൃത്തഭാഗങ്ങൾ ഭിന്നസംഖ്യ - വലുത്, ചെറുത്<br>പഠനോപകരണ നിർമ്മാണം<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | | വർക്ക്ഷീറ്റുകൾ<br>ICT | |

| പഠന നേട്ടം/ലക്ഷ്യം | പ്രവർത്തനം/പദ്ധതി | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * കൃത്യതയോടെയും സൂക്ഷ്മതയോടെയും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | - പഠനോപകരണ നിർമ്മാണം<br>- പാഠഭാഗങ്ങൾക്കനുസരിച്ച് പഠനോപകരണങ്ങൾ നിർമ്മിക്കൽ (കോൺ മാപിനി, ഘനരൂപങ്ങൾ etc)<br>- ഗണിത ക്ലബ്ബ് | 2025-26 അധ്യയന വർഷം<br>വർഷത്തിൽ ഒരിക്കൽ (Aug-Sep) | | |
| * ജ്യാമിതിയുമായി ബന്ധപ്പെട്ട് ചാർട്ടുകൾ, മോഡലുകൾ എന്നിവ നിർമ്മിക്കുന്നതിനും ജ്യാമിതിയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനും. | ചുറ്റുപാടുമുള്ള ഭൗതിക സാഹചര്യങ്ങളെ ഗണിതവുമായി ബന്ധപ്പെടുത്തി പഠനാനുഭവമാക്കി മാറ്റുക.<br>വിവിധതരം ജ്യാമിതീയ രൂപങ്ങൾ ചാർട്ടിൽ വരക്കുന്നു. | Oct-Nov | | |
| കുട്ടികളുടെ ഗണിതപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും താത്പര്യം വർദ്ധിപ്പിക്കുന്നതിനും | സ്കൂൾതല ഗണിത ക്ലബ്ബ്, ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുക. | JAN-FEB | | |